## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3192 | 21.06.2013 ൽ മറുപടിയ്ക്ക് |
|---|---|

**അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ, മരുന്നുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ, മരുന്നുകൾ എന്നിവ ഏതൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള കലോറിയും പ്രോട്ടീനും അടങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ഓരോ പ്രദേശത്തെയും അഭിരുചിക്കനുസരിച്ചുള്ള ഭക്ഷണമാണ് അംഗൻവാടികളിൽ നൽകി വരുന്നത്. നുറുക്ക് ഗോതമ്പ്, കപ്പലണ്ടി,ശർക്കര എന്നിവ ചേർത്ത പായസം, നുറുക്ക് ഗോതമ്പ്/ റവ, കപ്പലണ്ടി, പച്ചക്കറികൾ, എണ്ണ എന്നിവ ചേർത്ത ഉപ്പ്മാവ് തുടങ്ങിയവയാണ് സാധാരണയായി നൽകുന്ന ഭക്ഷണ പദാർത്ഥങ്ങൾ.<br>അംഗൻവാടികളിൽ നൽകി വരുന്ന മരുന്നുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| Sl. No | Product |
|---|---|
| 1. | Paracetamol tablets 500mg. 10's strip |
| 2. | Paracetamol suspension 125 mg/5ml.60ml |
| 3. | Albendazol tablets 400 mg.10's strip |
| 4. | Whit field ointment 15 g |
| 5. | Povidone iodine ointment 25g |
| 6. | Carminative mixture (CPC formula 250 ml) |
| 7. | IFA tablets ( Large) {Elemental iron 100 mg & folic acid 0.05 mg } 10 s |
| 8. | IFA tablets ( small) {Elemental iron 20 mg & folic acid 0.01 mg} - 10's |

| | |
|---|---|
| (ബി) കുട്ടികൾ, ഗർഭിണികൾ, മറ്റുള്ളവർ എന്നിവർക്ക് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള പോഷകാഹാരത്തിന്റെ അളവ് എത്ര; ഈ അളവിൽ നൽകുന്നതിന് ഒരാൾക്കുള്ള ചെലവ് എത്ര; വിശദമാക്കുമോ; | (ബി) 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് - 500 കലോറിയും 12-15 ഗ്രാം പ്രോട്ടീനും<br>ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും - 600 കലോറിയും 18-20 ഗ്രാം പ്രോട്ടീനും<br>ഗുരുതരമായ പോഷണ കുറവുള്ള കുട്ടികൾക്ക് - 800 കലോറിയും 20-25 ഗ്രാം പ്രോട്ടീനും എന്ന ക്രമത്തിലാണ് നിശ്ചിത പോഷകാഹാരത്തിന്റെ അളവ്.<br><br>പോഷകാഹാരത്തിനായി കുട്ടികൾക്ക് 7.60 രൂപ മുതൽ 12 രൂപ വരെയും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മാർക്കും, കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും 6 രൂപ മുതൽ 8 രൂപ വരെയും ചെലവ് വരുന്നു. |
| (സി) അംഗൻവാടികൾ വഴി പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചെലവ് എപ്രകാരം; ഏതെല്ലാം സ്ഥാപനങ്ങളാണ് വഹിക്കുന്നത്; | (സി) അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരത്തിനുള്ള ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വഹിക്കുന്നത്. ഇതിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി 50 % തുക കേന്ദ്ര സർക്കാർ നൽകി വരുന്നു. |
| (ഡി) പ്രസ്തുത തുക മുൻകൂറായാണോ നൽകുന്നത്; തുക യഥാസമയം ലഭിക്കാത്തത് പോഷകാഹാര വിതരണത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) കേന്ദ്ര സർക്കാർ മൂന്നു മാസത്തിലൊരിക്കൽ എന്ന ക്രമത്തിൽ 50% ചെലവ് റീഇമ്പേഴ്സ്മെന്റായി നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് കാലതാമസം വരുത്തുന്നതിനാൽ ചിലയിടങ്ങളിൽ പോഷകാഹാര വിതരണത്തെ സാരമായി ബാധിക്കാറുണ്ട്. എന്നാൽ പ്രോജക്ടുകൾക്ക് അംഗീകരിക്കപ്പെടുന്നതിന് മുമ്പ് തന്നെ അംഗൻവാടി പോഷകാഹാരത്തിന് തുക നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർദ്ദേശം ഉള്ളതിനാൽ ഭൂരിഭാഗം പഞ്ചായത്തുകളിലും പ്രശ്നം ഉണ്ടാകാറില്ല. |
| (ഇ) അട്ടപ്പാടിയിലെ അംഗൻവാടികളിൽ കഴിഞ്ഞ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വിതരണം ചെയ്ത ഭക്ഷ്യ സാധനങ്ങൾ, പോഷകാഹാരങ്ങൾ എന്നിവ ഏതൊക്കെയാണ് ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ഇ) അട്ടപ്പാടിയിലെ അംഗൻവാടികളിൽ കഴിഞ്ഞ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വിതരണം ചെയ്ത ഭക്ഷ്യ പദാർത്ഥങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | പ്രഭാത ഭക്ഷണം | ഉച്ചക്കഞ്ഞി | ജനറൽ ഫീഡിംഗ് |
|---|---|---|---|
| തിങ്കൾ | കടലബർഫി<br>നിലക്കടല- 25 ഗ്രാം<br>ശർക്കര- 20 ഗ്രാം | ഉച്ചക്കഞ്ഞി<br>അരി- 60 ഗ്രാം<br>ചെറുപയർ- 20 ഗ്രാം | പയർ വിളയിച്ചത്<br>ചെറുപയർ - 50 ഗ്രാം<br>ശർക്കര- 20 ഗ്രാം<br>തേങ്ങ- 10 ഗ്രാം |
| ചൊവ്വ | അവിൽ<br>അവിൽ - 20 ഗ്രാം<br>ശർക്കര- 10 ഗ്രാം | ഉച്ചക്കഞ്ഞി<br>അരി- 60 ഗ്രാം<br>ചെറുപയർ- 20 ഗ്രാം | ഗോതമ്പ് ഉപ്പ്മാവ്<br>ഗോതമ്പ് - 60 ഗ്രാം<br>കേര എണ്ണ- 8 ഗ്രാം<br>നിലക്കടല- 10 ഗ്രാം<br>പച്ചക്കറി |
| ബുധൻ | കടലബർഫി<br>നിലക്കടല- 25 ഗ്രാം<br>ശർക്കര- 20 ഗ്രാം | ഉച്ചക്കഞ്ഞി<br>അരി- 60 ഗ്രാം<br>ചെറുപയർ- 20 ഗ്രാം | പായസം<br>ഗോതമ്പ് - 50 ഗ്രാം<br>ശർക്കര-30 ഗ്രാം<br>നിലക്കടല- 35 ഗ്രാം |
| വ്യാഴം | അവിൽ<br>അവിൽ - 20 ഗ്രാം<br>ശർക്കര- 20 ഗ്രാം | ഉച്ചക്കഞ്ഞി<br>അരി- 60 ഗ്രാം<br>ചെറുപയർ- 20 ഗ്രാം | ഗോതമ്പ് ഉപ്പ്മാവ്<br>ഗോതമ്പ് - 60 ഗ്രാം<br>കേര എണ്ണ- 8 ഗ്രാം |
| വെള്ളി | കടലബർഫി<br>നിലക്കടല- 25 ഗ്രാം<br>ശർക്കര- 20 ഗ്രാം | ഉച്ചക്കഞ്ഞി<br>അരി- 60 ഗ്രാം<br>ചെറുപയർ- 20 ഗ്രാം | പയർ വിളയിച്ചത്<br>ചെറുപയർ - 50 ഗ്രാം<br>ശർക്കര- 20 ഗ്രാം<br>തേങ്ങ- 10 ഗ്രാം |
| ശനി | അവിൽ<br>അവിൽ - 20 ഗ്രാം<br>ശർക്കര- 10 ഗ്രാം | ഉച്ചക്കഞ്ഞി<br>അരി- 60 ഗ്രാം<br>ചെറുപയർ- 20 ഗ്രാം | ഗോതമ്പ് ഉപ്പ്മാവ്<br>ഗോതമ്പ് - 60 ഗ്രാം<br>കേര എണ്ണ- 8 ഗ്രാം<br>ഇലക്കറി |

സെക്ഷൻ ഓഫീസർ